കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം റിസർച്ച് അസിസ്റ്റന്റ് ശ്രീ ജോയ് ബാബുവിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1036 /2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 31/03/2015.

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 01/06/2012, 16/07/2012, 05/10/2012, 13/08/2013 എന്നീ തിയതികളിലെ ഇ 1-6301/12 നമ്പർ കത്തുകൾ.

## ഉത്തരവ്

നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ റിസർച്ച് അസിസ്റ്റന്റ് (ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം) ശ്രീ ജോയ് ബാബു 06/02/2012 ൽ നഗരകാര്യ വകുപ്പിൽ പ്രവേശിക്കുന്നതിന് മുൻപ് നേമം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ എക്സ്റ്റൻഷൻ ഓഫീസർ ആയിരിക്കെ അപകടത്തിൽ പരിക്കേറ്റ് 1.10.2010 മുതൽ 5.02.2012 വരെ ചികിത്സയിൽ ആയിരുന്ന കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ മുഖേന അപേക്ഷിച്ചിരുന്നു ടിയാന് ശൂന്യവേതനാവധി അനുവദിച്ച് നൽകുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച നഗരകാര്യ ഡയറക്ടറുടെ ഓഫീസിലെ റിസർച്ച് അസിസ്റ്റന്റ് (ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം) ശ്രീ ജോയ് ബാബുവിന് 01.10.2010 മുതൽ 30.09.2011 വരെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്ത്, 01.10.2010 മുതൽ 05.02.2012 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.വേണുഗോപാലൻ നായർ,

ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.( ശ്രീ ജോയ് ബാബുവിന്റെ സേവന പുസ്തകം ഉൾപ്പെടെ)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ ജോയ് ബാബു റിസർച്ച് അസിസ്റ്റന്റ്, നഗരകാര്യ വകുപ്പ്(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.